**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 380** **02-07-2024 - ൽ മറുപടിയ്ക്ക്**

**തീരോന്നതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തീരോന്നതി പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. തീരോന്നതി പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ക്യാമ്പുകൾ, അവയർനെസ് ക്യാമ്പുകൾ, മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെ തുടർ ചികിത്സ ഉറപ്പാക്കുന്നതിന് സാന്ത്വനതീരം പദ്ധതി കൂടാതെ ഫിഷറീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനങ്ങളെ മുഖ്യധാരയിലെത്തിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനായുള്ള പദ്ധതി എന്നിവ നടപ്പിലാക്കുന്നു. കൂടാതെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ലഹരി വിമുക്ത ക്യാമ്പയിൻ നടത്തി. ഈ പദ്ധതികളെല്ലാം തന്നെ തീരദേശത്ത് വളരെ വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ ത്തൊഴിലാളികളുടെയും, പെൻഷണർ മാരുടെയും തുടർ ചികിൽസ ഉറപ്പാക്കുന്നതിന് വേണ്ടിയാണ് ഫിഷറീസ് വകുപ്പ് മുഖേന 2021 ൽ തീരാരോഗ്യം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. മത്സ്യബോർഡ് നടപ്പിലാക്കുന്ന മാരകരോഗ ചികിൽസാ സഹായം എന്ന പദ്ധതിയിൽ ഉൾപ്പെട്ട ഒരു ക്ഷേമനിധി അംഗത്തിന് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ. മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും, പെൻഷണർമാർക്കും തുടർ ചികിൽസ ഉറപ്പാക്കുക എന്നതാണ് തീരോന്നതി പദ്ധതിയുടെ ഘടകപദ്ധതിയായ സാന്ത്വനതീരം പദ്ധതിയുടെ ലക്ഷ്യം. പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന രോഗങ്ങളുടെ പേരും ധനസഹായ തുകയും അനുബന്ധം- 1 ആയി ചേർക്കുന്നു. |

മത്സ്യബോർഡ് മുഖേന 2021-22 സാമ്പത്തിക വർഷത്തിൽ 178 ഗുണഭോക്താ ക്കൾക്ക് 40,46,055/- രൂപയുടെ ധനസഹായവും 2022-23 വർഷത്തിൽ 204 ഗുണഭോക്താക്കൾക്ക് 45,26,253/- രൂപയുടെ ധനസഹായവും 2023-24 വർഷത്തിൽ 277 ഗുണഭോക്താക്കൾക്ക് 72,79,137/- രൂപയുടെ ധനസഹായവും സാന്ത്വനതീരം പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

കൂടാതെ മത്സ്യബോർഡ് മുഖേന തീരോന്നതി പദ്ധതിയുടെ ഭാഗമായി ലഹരി വിമുക്ത തീരം ക്യാമ്പയിൻ എന്ന പദ്ധതിയും തീരദേശമേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. 2024 ഫെബ്രുവരി മാസം 2-ാം തിയതി മുതൽ 2024 ഫെബ്രുവരി മാസം 11-ാം തിയതി വരെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 9 തീരദേശ ജില്ലകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തിയിട്ടുണ്ട്. ഇതിനായി 29 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

2022-23 വർഷത്തിൽ 10 ജില്ലകളിലായി 'അറിവ്' എന്ന പേരിൽ ആകെ 52 ബോധവത്കരണ ക്യാമ്പുകൾ നടത്തി. ബോധവത്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക വഴി ഫിഷറീസ് വകുപ്പ് വഴിയും മറ്റ് ഏജൻസികൾ വഴിയും മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചും ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും നിലവിലെ നിയമവ്യവസ്ഥകൾ, കടൽ സുരക്ഷാ ഉപകരണങ്ങളുടെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചും വ്യക്തമായ അവബോധം നൽകുന്നതിനും ആയതിലൂടെ തീരദേശ മേഖലയിൽ വ്യാപകമായ പ്രചാരണം നൽകുന്നതിനും സാധിച്ചിട്ടുണ്ട്.

2022-23 വർഷത്തിലും 2023-24 വർഷത്തിലും 13 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇത്തരത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടപ്പാക്കുന്നത് വഴി മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനു കൈത്താങ്ങാകുവാൻ സാധിച്ചിട്ടുണ്ട്. മത്സ്യമേഖലയിലെ ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും, ആവശ്യമായ പരിഹാരങ്ങൾ നിർദേശിക്കുന്നതിനും തുടർ ചികിത്സകൾ ശുപാർശ ചെയ്യുന്നതിനും ഇത്തരം മെഡിക്കൽ ക്യാമ്പുകൾ വഴി കഴിഞ്ഞിട്ടുണ്ട്. മേൽ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഈ വർഷത്തിലും കൂടുതൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ അപര്യാപ്തതയും യോഗ്യതയുള്ള ജീവനക്കാരുടെ അഭാവവും പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുമാണ് സംഘങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളെന്ന് തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് സംഘം പ്രവർത്തിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവാകുകയുണ്ടായത്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് സർക്കാർ ലക്ഷ്യമിട്ട രീതിയിൽ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സംഘം നടത്തുന്ന ലേലത്തിൽ സംഘം മുഖേന വായ്പയെടുത്ത ഗ്രൂപ്പുകളെ കൊണ്ടുവരുവാനുമുള്ള യോജിച്ച പ്രവർത്തനങ്ങൾക്ക് സംഘം സെക്രട്ടറിമാർക്കും മുഖ്യ പങ്കുണ്ട്. അതിനാൽ സംഘങ്ങൾ ക്ലാസിഫിക്കേഷൻ നടത്തുകയും സെക്രട്ടറിമാരെ നിയമിക്കുകയും ചെയ്തു. ഈ കാര്യത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പരിശോധനയും പ്രതിമാസ അവലോകന യോഗങ്ങളിലൂടെയും പദ്ധതി നടത്തിപ്പിന്റെ പുരോഗതി നിരന്തരം വിലയിരുത്തി വരുന്നു. |
| (ബി) | പദ്ധതിയുടെ ഭാഗമായി തീരദേശ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (ബി) | തീരോന്നതി പദ്ധതിയുടെ ഭാഗമായി തീരദേശ മേഖലയിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>അറിവ് - അവയർനെസ് ക്യാമ്പ്</u>**<br><br>ഫിഷറീസ് വകുപ്പ്, അനുബന്ധ ഏജൻസികൾ എന്നിവർ മുഖേന നൽകപ്പെടുന്ന ക്ഷേമ പ്രവർത്തനങ്ങൾ, നിലവിലെ നിയമ വ്യവസ്ഥ പ്രകാരം മത്സ്യബന്ധനത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ, ഫിംസ് സോഫ്റ്റ് വെയർ, വിഭവങ്ങളുടെ സംരക്ഷണം, ആവശ്യകത, കാലാവസ്ഥാ വ്യതിയാനം, കടലാക്രമണം, അപകട സാധ്യത എന്നീ വിഷയങ്ങളിൽ വിവിധ ജില്ലകളിലായി 2022-23 വർഷം 52 ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിച്ചു. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു.<br><br>**<u>മെഡിക്കൽ ക്യാമ്പ്</u>**<br><br>കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ പരിപാലനം വിലയിരുത്തുന്നതിനും ആവശ്യമായ ചികിത്സ നൽകുന്നതിനും e-health മിഷനുമായി ചേർന്ന് ഡാറ്റാബേസ് ഉണ്ടാക്കുന്നതിനുമായി 2022-23, 2023-24 |

വർഷങ്ങളിൽ തീരോന്നതി പദ്ധതിയിൽ ഉൾപ്പെടുത്തി 26 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഒരു മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാൻ 1,30,000/- രൂപ അനുവദിച്ചു. ടി മെഡിക്കൽ ക്യാമ്പുകളിൽ ജനറൽ മെഡിസിൻ, അസ്ഥി രോഗം, ഓങ്കോളജി, ഗൈനക്കോളജി, ത്വക്ക് രോഗം, നേത്രരോഗം, ഇ.എൻ.ടി, ജീവിതശൈലി രോഗങ്ങൾ എന്നിവയിൽ വിദഗ്ധ ഡോക്ടർമാരുടെ സേവനവും സൗജന്യ മരുന്ന് വിതരണവും നടത്തി.

**സാന്ത്വനതീരം**

മത്സ്യബോർഡ് മുഖേന 2021-22 സാമ്പത്തിക വർഷത്തിൽ 178 ഗുണഭോക്താ ക്കൾക്ക് 40,46,055/- രൂപയുടെ ധനസഹായവും 2022-23 വർഷത്തിൽ 204 ഗുണഭോക്താക്കൾക്ക് 45,26,253/- രൂപയുടെ ധനസഹായവും 2023-24 വർഷത്തിൽ 277 ഗുണഭോക്താക്കൾക്ക് 72,79,137/- രൂപയുടെ ധനസഹായവും സാന്ത്വനതീരം പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

**ലഹരി വിരുദ്ധ ക്യാമ്പയിൻ**

തീരോന്നതി പദ്ധതിയുടെ ഭാഗമായി 9 തിരദേശ ജില്ലകളിൽ ലഹരി വിമുക്ത തീരം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക സമൂഹത്തെ മുഴുവനായി നശിപ്പിച്ച് കൊണ്ടിരിക്കുന്ന ലഹരി എന്ന വൻവിപത്തിൽ നിന്നും മുക്തി നേടുന്നതിനും മയക്കുമരുന്നിന്റെ ഉപയോഗം നിർത്തലാക്കുന്നതിനും വേണ്ടി സർക്കാർ ഒട്ടനവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ ഫിഷറീസ് , എക്സൈസ്, പോലീസ് തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ 09 തീരദേശ ജില്ലകളിൽ "ലഹരി വിമുക്തതീരം പദ്ധതി" നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് 29 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2024 ഫെബ്രുവരി മാസം 2-ാം തിയ്യതി ലഹരി വിമുക്തതീരം ക്യാമ്പയിൻ പരിപാടിയുടെ ഉദ്ഘാടനം മത്സ്യബന്ധന വകുപ്പ് മന്ത്രി നിർവ്വഹിച്ചു. 9 തീരദേശ ജില്ലകളിലും ബോധവൽക്കരണത്തിന്റെ ഭാഗമായി ആന്റി ഡ്രഗ് മാജിക് ഷോ, ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, മോട്ടിവേഷൻ സ്പീച്ച് എന്നീ പ്രോഗ്രാമുകൾ ജനപങ്കാളിത്തത്തോടുകൂടി നടത്തിയിട്ടുണ്ട്. പതിനായിരത്തോളം പേർ പ്രസ്തുത പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. നടന്ന പ്രോഗ്രാമുകളുടെ വിവരങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.

| | | | |
|---|---|---|---|
| | | | മേൽ പദ്ധതിയുടെ നടത്തിപ്പിലൂടെ മത്സ്യമേഖലയിലുള്ള യുവാക്കളെയും തൊഴിലാളികളെയും ബോധവൽക്കരിക്കുന്നതിനും ഈ വിപത്തിനെതിരെ പ്രയത്നിക്കുന്നതിന് സജ്ജമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>**<u>സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തൽ</u>**<br><br>മത്സ്യത്തൊഴിലാളി സഹകരണ മേഖലയുടെ പുരോഗതിയ്ക്കായി പ്രസ്തുത പദ്ധതി പ്രകാരം പ്രവർത്തനം മന്ദീഭവിച്ച സംഘങ്ങളുടെ പുനരുജ്ജീവനത്തിനായി സംഘം സെക്രട്ടറിമാരുടെ ശമ്പളം, ഓഫീസ് കെട്ടിട വാടക, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ധനസഹായം, സ്വന്തമായി സ്ഥലമുള്ള സംഘങ്ങൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായം എന്നിവ സംഘങ്ങൾക്ക് ഒറ്റത്തവണ മാത്രമായും ഓഫീസ് കെട്ടിട വാടക തുടർച്ചയായും നൽകി വരുന്നു . |
| (സി) | മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിന് നാളിതുവരെ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര രൂപ പ്രസ്തുത സംഘങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കുമോ; | (സി) | പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ ഓഫീസ് വാടക നൽകുന്നതിന് ധനസഹായം, സെക്രട്ടറിമാരുടെ വേതനം, സ്വന്തമായി സ്ഥലമുള്ള സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായം, കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള ധനസഹായം എന്നിവ 2019-20 സാമ്പത്തിക വർഷം മുതൽ അനുവദിച്ച് വരുന്നു. ഈ ഇനത്തിൽ 2023-24 വരെയുള്ള വിവിധ സാമ്പത്തിക വർഷങ്ങളിലായി 1,60,62,385/- രൂപ വിവിധ ഇനങ്ങളിലായി സംഘങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | മത്സ്യത്തൊഴിലാളി ക്ഷേമ വികസന സഹകരണ സംഘങ്ങളുടെ ഓഡിറ്റിംഗ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സഹകരണ വകുപ്പാണ് പ്രസ്തുത സംഘങ്ങളിൽ ഓഡിറ്റിംഗ് നടത്തുന്നത്. മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ സംഘം ശാക്തീകരണ പദ്ധതിയായ തീരോന്നതി പദ്ധതി നടപ്പിലാക്കിയതിലൂടെ ഒട്ടനവധി സംഘങ്ങൾ ക്ലാസിഫിക്കേഷൻ നടത്തുകയും യോഗ്യതയുള്ള സെക്രട്ടറിമാരെ നിയമിക്കുകയും ചെയ്തതിന്റെ ഫലമായി സംഘം റിക്കാർഡുകൾ/ സ്റ്റേറ്റ്മെന്റുകൾ ശരിയായി തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുകയും ഒട്ടുമിക്ക മത്സ്യ സംഘങ്ങളും ഓഡിറ്റ് സമകാലീനമാക്കിയിട്ടുമുണ്ട്. പ്രവർത്തിക്കുന്ന ഭൂരിഭാഗം സംഘങ്ങളും 2022-23 വരെയുള്ള ആഡിറ്റ് പൂർത്തിയാക്കുകയും 2023-24 വർഷത്തെ ഓഡിറ്റ് നടന്ന് വരികയും ചെയ്യുന്നു. നിലവിൽ പ്രവർത്തിച്ചു വരുന്നതും എന്നാൽ കടൽ ക്ഷോഭം, സുനാമി, ഓഖി, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങൾ മൂലം |

| | | | |
|---|---|---|---|
| | | | മുൻ കാലങ്ങളിലെ ഓഡിറ്റിന് ആവശ്യമായ റിക്കാർഡുകൾ നഷ്ടപ്പെട്ടു പോയ സംഘങ്ങളിൽ സഹകരണ സംഘം രജിസ്ട്രാറുടെ  സർക്കുലർ, നിർദ്ദേശങ്ങൾ എന്നിവയക്ക് അനുസൃതമായി റിക്കാർഡുകളും സ്റ്റേറ്റ്മെന്റുകളും പൂർത്തിയായ വർഷം മുതലുള്ള ഓഡിറ്റ് തുടർന്ന് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം** –1

| ക്രമ നമ്പർ | രോഗചികിൽസ | ധനസഹായതുക |
|---|---|---|
| 1 | ഹൃദ്രോഗം | 50,000/– രൂപ |
| 2 | വൃക്കരോഗം/ഡയാലിസിസ് | 50,000/– രൂപ |
| 3 | കരൾരോഗം | 20,000/– രൂപ |
| 4 | കാൻസർ | 50,000/– രൂപ |
| 5 | കണ്ണ് ചികിത്സ | 25,000/– രൂപ |
| 6 | സ്ട്രോക്ക്,തളർവാതം,കിടപ്പുരോഗം | 20,000/– രൂപ |
| 7 | മത്സ്യബന്ധനവേളയിൽ കൈകാലുകൾ മുറിഞ്ഞുപോകുന്ന അവസ്ഥ | 10,000/– രൂപ |
| 8 | ഓട്ടിസം ചികിത്സ (മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക്) | 10,000/– രൂപ |
| 9 | ഗർഭാശയ സംബന്ധമായ രോഗം (സ്ത്രീ മത്സ്യത്തൊഴിലാളി,അനുബന്ധ ത്തൊഴിലാളി) | 10,000/– രൂപ |

**അനുബന്ധം -2**

| ക്രമ നമ്പർ | ജില്ല | ക്യാമ്പുകളുടെ എണ്ണം | ആകെ തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 7 | **1,75,000** |
| 2 | കൊല്ലം | 6 | **1,50,000** |
| 3 | ആലപ്പുഴ | 8 | **2,00,000** |
| 4 | കോട്ടയം | 2 | **50,000** |
| 5 | എറണാകുളം | 8 | **2,00,000** |
| 6 | തൃശ്ശൂർ | 4 | **1,00,000** |
| 7 | മലപ്പുറം | 5 | **1,25,000** |
| 8 | കോഴിക്കോട് | 4 | **1,00,000** |
| 9 | കണ്ണൂർ | 4 | **1,00,000** |
| 10 | കാസർഗോഡ് | 4 | **1,00,000** |
| **ആകെ** | | **52** | **13,00,000** |

**അനുബന്ധം -3**

| ജില്ല | തിയതി | നടത്തിയ പ്രോഗ്രാമുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം (ഉത്ഘാടനം) | 02.02.2024 | 1 |
| തിരുവനന്തപുരം | 03.02.2024 | 3 |
| കൊല്ലം | 04.02.2024 | 3 |
| ആലപ്പുഴ | 05.02.2024 | 3 |
| എറണാകുളം | 06.02.2024 | 3 |
| തൃശ്ശൂർ | 07.02.2024 | 4 |
| മലപ്പുറം | 08.02.2024 | 4 |
| കോഴിക്കോട് | 09.02.2024 | 4 |
| കണ്ണൂർ | 10.02.2024 | 3 |
| കാസർഗോഡ് | 11.02.2024 | 4 |